بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്ബ**

**സംഗ്രഹം**

**17-04-2026**

# തിരുനബിചരിത്രം: സത്യസന്ധതയുടെ പരിപ്രേക്ഷ്യത്തിൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

*തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു..) സൂറ: യൂനുസിലെ 17 ഉം 18 ഉം വചനങ്ങൾ പാരായണം ചെയ്തു. തുടർന്ന് ഇപ്രകാരം അരുളി:*

ഈ വചനങ്ങളുടെ അർഥം ഇപ്രകാരമാണ്: നീ പറയുക, അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞാൻ നിങ്ങൾക്ക് ഇത് ഓതിക്കേൾപ്പിക്കുകയോ അവൻ(അല്ലാഹു) നിങ്ങൾക്ക് അതിനെ സംബന്ധിച്ച് അറിവ് തരുകയോ ചെയ്യുമായിരുന്നില്ല. ആകയാൽ, ഞാൻ ഇതിനു(നുബുവ്വത്തിന്) മുൻപും നിങ്ങളുടെയിടയിൽ ഒരു നീണ്ട ആയുസ്സ് കഴിച്ചുകൂട്ടിയിരിക്കുന്നു. അപ്പോൾ നിങ്ങൾ ബുദ്ധിപ്രയോഗിക്കുന്നില്ലേ? അല്ലാഹുവിന്റെപേരിൽ കള്ളംകെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ കളവാക്കുകയോ ചെയ്തവനെക്കാൾ വലിയ അക്രമി മറ്റാരാകാനാണ്? കുറ്റവാളികൾ ഒരിക്കലും വിജയിക്കാറില്ല എന്നതാണ് വാസ്തവം.

നബിതിരുമേനി(സ)യുടെ ജീവിതത്തിലെ വിവിധ വശങ്ങളെക്കുറിച്ചാണല്ലോ പ്രതിപാദിച്ചുവരുന്നത്. ഇന്ന് തിരുമേനിയുടെ സത്യസന്ധത, സത്യനിഷ്ഠ, സദ്വൃത്തി എന്നീ സ്വഭാവഗുണങ്ങളെക്കുറിച്ച് പരാമർശിക്കുന്നതാണ്. സത്യസന്ധതയുടെ അത്യുന്നതമായ ഉദാഹരണങ്ങൾ നബിതിരുമേനി(സ)യുടെജീവിതത്തിൽനമുക്ക്കാണാം. തിരുമേനിയുടെ സത്യനിഷ്ഠയുടെ ഉന്നതനിലവാരം ശത്രുക്കൾക്ക് പോലും അംഗീകരിക്കാതിരിക്കാൻ കഴിയില്ല.

തന്റെ അനുയായികളും സത്യസന്ധതയുടെ ഉന്നത നിലവാരം സ്വായത്തമാക്കാനാണ് അവിടുന്ന് ഉപദേശിച്ചത്. അതുകൊണ്ട്, ഇന്ന് ഇതു സംബന്ധമായി നാം ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതുണ്ട്. സത്യസന്ധതയുടെ ഈ ഉന്നത നിലവാരങ്ങളാണ് വാസ്തവത്തിൽ നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും വിജയത്തിന്റെ ജാമ്യമായി വർത്തിക്കുന്നത്. അങ്ങനെ അവ നമുക്കായി മതപ്രബോധന മാർഗങ്ങൾ തുറന്നുതരുന്നു.

ഹുസൂർ പറയുന്നു:

നബിതിരുമേനി(സ)യുടെ പരിശുദ്ധ ജീവിതത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഖുതുബയിൽ ഇപ്രകാരം അരുളി: നബിതിരുമേനി(സ) സത്യസന്ധനും വിശ്വസ്തനും ആയിരുന്നുവെന്ന് അങ്ങയുടെ ശത്രുക്കൾ പോലും അംഗീകരിച്ചിരുന്നതായി നമുക്ക് കാണാൻ സാധിക്കും. അതിൽ അവർ യാതൊരു ആരോപണവുംഉന്നയിച്ചില്ല.തിരുമേനിയുടെ പരിശുദ്ധിക്കും പവിത്രതയ്ക്കും പ്രതിയോഗികൾ പോലും സാക്ഷ്യം നൽകിയിരുന്നു. നബിതിരുമേനി(സ)യുടെ എന്തു സംഗതിയായിരുന്നു ശത്രുക്കളെ പ്രഭാവിതരാക്കിയത്?ആരംഭത്തിൽ അവർ ആകൃഷ്ടരായത് വിശുദ്ധ ഖുർആനിലായിരുന്നില്ല; തിരുമേനിയുടെ ആദ്യകാല ജീവിതത്തിലാ

യിരുന്നു.അവർക്കിടയിൽ ജീവിതം കഴിച്ചുകൂട്ടിയ തിരുമേനിയുടെ വിശ്വസ്തത, സത്യനിഷ്ഠ, സൃഷ്ടികളോടുള്ള സഹാനുഭൂതി, ത്യാഗമനോഭാവം എന്നിവയാണ് അവരെസ്വാധീനിച്ചത്. ദൈവകല്പനയില്ലായിരുന്നതിനാൽ,പ്രവാചകത്വവാദത്തിന് മുൻപ് അവിടുന്ന് അവരെ വിഗ്രഹാരാധനയിൽ നിന്ന് വിലക്കിയിരുന്നില്ലെങ്കിലും അവിടുന്ന് ഒരിക്കലും സ്വയം ശിർക്ക് ചെയ്തിരുന്നില്ല. തിരുമേനിയുടെ ഉന്നത സ്വഭാവഗുണങ്ങളുടെ മനോഹാരിത ജനഹൃദയങ്ങളിൽ ആഴ്ന്നിറങ്ങിക്കൊണ്ടിരുന്നു.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അരുളുന്നു:

നമ്മുടെ യജമാനരും മാർഗദർശിയും മുത്തഖീങ്ങളുടെ നായകനുമായ നബിനായകരെ അല്ലാഹു നാനാതരം സഹായങ്ങളും പിന്തുണയുമേകി അനുഗ്രഹിച്ചുതുടക്കത്തിൽ ഹദ്റത്ത് മൂസാ(അ), ഹദ്റത്ത് ഈസാ (അ) എന്നിവരെപ്പോലെ നബി തങ്ങൾക്കും ജന്മനാട് വിട്ടൊഴിഞ്ഞു പോകേണ്ടി വന്നുവെങ്കിലും, പ്രസ്തുത ഹിജ്റത്ത്വിജയത്തിന്റെയും സഹായത്തിന്റെയും ആരംഭമായിരുന്നു. അതുകൊണ്ട് സുഹൃത്തുക്കളേ, ഒരു മുത്തഖി ഒരിക്കലും നശിപ്പിക്കപ്പെടുന്നതല്ലെന്ന് ദൃഢമായി മനസ്സിലാക്കിക്കൊള്ളുക. രണ്ട് വിഭാഗങ്ങൾ പരസ്പരം ശത്രുത പുലർത്തുകയും അത് അതിന്റെ പാരമ്യതയിലെത്തുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏതു വിഭാഗമാണോ മുത്തഖിയും ഭക്തനും ആയിരിക്കുന്നത്, അവർക്കായി ആകാശത്തുനിന്ന് സഹായം ഇറങ്ങുന്നു. അങ്ങനെ സ്വർഗീയവിധിയിലൂടെ മതവിവാദങ്ങൾ തീർപ്പാക്കപ്പെടുന്നു.

അവിടുന്ന് വീണ്ടും അരുളുന്നു:

അല്ലാഹു തആല നമ്മുടെ പ്രവാചകൻ(സ)യെ അഭിസംബോധന ചെയ്തുകൊണ്ട് അരുളുന്നു:

***വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം***

തീർച്ചയായും നീ ഉന്നതധാർമികഗുണങ്ങളിൽ നിലകൊള്ളുന്നു. അതായത് എല്ലാത്തരം ധാർമിക ഗുണങ്ങളും തിരുമേനിയിൽസമ്മേളിച്ചിരിക്കുന്നു. ചുരുക്കത്തിൽ, മനുഷ്യനിൽ കാണപ്പെടുന്ന കഴിവുകളത്രയും യുക്തിക്കും വിവേകബോധത്തിനും അനുസൃതമായി സന്ദർഭോചിതം പ്രകടിപ്പിക്കപ്പെടുമ്പോഴാണ് അവ ധാർമികഗുണങ്ങൾ എന്ന് വിളിക്കപ്പെടുന്നത്.

നബിതിരുമേനി(സ) സത്യം പ്രചരിപ്പിക്കാനാണ് ലോകത്ത് വന്നത്. അതുകൊണ്ട് സത്യസന്ധത അവലംബിക്കാൻ അവിടുന്ന് തന്റെ അനുയായികളെ വിവിധ സന്ദർഭങ്ങളിൽ ഉപദേശിക്കുമായിരുന്നു. ഒരവസരത്തിൽ റസൂൽ കരീം(സ)പറഞ്ഞു:സത്യം പറയുക നിങ്ങൾക്ക് നിർബന്ധമാണ്. എന്തെന്നാൽ, സത്യം നന്മയിലേക്കും,നന്മ സ്വർഗത്തിലേക്കും നയിക്കുന്നു. ഒരു മനുഷ്യൻ നിരന്തരം സത്യം പറയുകയും സത്യാന്വേഷണത്തിൽ മുഴുകിയിരിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ അടുക്കൽ അവൻ 'സിദ്ദീഖ്' എന്ന് രേഖപ്പെടുത്തപ്പെടുന്നു. കള്ളം പറയുന്നതിൽ നിന്ന് നിങ്ങൾ നിൽക്കുക; എന്തെന്നാൽ കളവ് നീചവൃത്തിയിലേക്കും, നീചവൃത്തി നരകാഗ്നിയിലേക്കും നയിക്കുന്നു. ഒരു മനുഷ്യൻ കളവു പറഞ്ഞുകൊണ്ടേയിരിക്കുമ്പോൾ, അല്ലാഹുവിന്റെ അടുക്കൽ അവൻ 'കദ്ദാബ്' എന്ന് രേഖപ്പെടുത്തപ്പെടുന്നു.

മറ്റൊരിക്കൽ അവിടുന്ന് അരുളി: കളവ്-ഗൗരവത്തിലാകട്ടെ തമാശയിലാകട്ടെ- ഒരു സാചര്യത്തിലും ആശാസ്യമല്ല. അതുപോലെ ഒരാൾ തന്റെ കുട്ടിയോട് ഒരു വാഗ്ദാനം നൽകുകയും പിന്നീട് അത് പാലിക്കാതിരിക്കുകയും ചെയ്യുന്നതും ശരിയല്ല.

അല്ലാമ റാസി സൂറത്തു തൗബയിലെ 119-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

ഒരാൾ നബി(സ)യുടെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: എനിക്ക് ദുഷ്കർമങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്നുണ്ട്. എന്നാൽ മദ്യം,മോഷണം, വ്യഭിചാരം, കളവു പറയൽഎന്നീ ശീലങ്ങൾ എന്നിൽ അത്യധികം കാണപ്പെടുന്നു. അങ്ങ് ഇവയൊക്കെ നിഷിദ്ധമാക്കിയെന്ന് ആളുകൾ പറയുന്നു. ഇവയെല്ലാം ഉപേക്ഷിക്കാനുള്ള കരുത്ത് എനിക്കില്ല. ഇവയിൽ ഏതെങ്കിലും ഒന്നു മാത്രം ഉപേക്ഷിക്കാൻഅങ്ങ് എന്നോട് നിർദ്ദേശിക്കുകയാണെങ്കിൽ ഞാൻ അങ്ങയിൽ വിശ്വസിക്കാം.

നബി(സ) പറഞ്ഞു: ശരി, നീ കള്ളം പറയുന്നത് ഉപേക്ഷിക്കുക. അദ്ദേഹം അത് സമ്മതിക്കുകയും മുസ്‌ലിമാവുകയും ചെയ്തു. നബിതിരുമേനി(സ)യുടെ അടുത്തുനിന്ന് പുറത്തിറങ്ങിയതോടെ പ്രസ്തുത തിന്മകളെല്ലാം ചെയ്യാനൊരുങ്ങുന്ന സന്ദർഭം അദ്ദേഹത്തിനു വന്നെത്തി.

'ഞാൻ ഈ തിന്മകൾ ചെയ്താൽ നബിതിരുമേനി(സ) അതേക്കുറിച്ച് എന്നോട് ചോദിച്ചാൽ എനിക്ക് സത്യം പറയേണ്ടി വരുമല്ലോ' എന്ന ചിന്തയാൽ അങ്ങനെ അദ്ദേഹം എല്ലാ ദുഷ്കർമങ്ങളും ഉപേക്ഷിച്ചു.

ഹദ്റത്ത് അബൂബക്കറിന്(റ) നബി(സ)തിരുമേനിയുടെ പ്രവാചകത്വവാദം സംബന്ധിച്ച് അറിവു ലഭിച്ചപ്പോൾ അദ്ദേഹം തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: 'അങ്ങയെക്കുറിച്ച് ഞാനൊരു കാര്യം കേട്ടിരിക്കുന്നു.' തിരുമേനി ചോദിച്ചു: 'അബൂബക്കർ, എന്നെക്കുറിച്ച് താങ്കൾ എന്താണ് കേട്ടത്?' അബൂബർ പറഞ്ഞു: 'അങ്ങ് അല്ലാഹുവിന്റെ തൗഹീദിലേക്ക് ജനങ്ങളെ വിളിക്കുന്നുണ്ടെന്നും അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്ന് വാദിക്കുന്നുണ്ടെന്നും ഞാൻ കേട്ടു.'

അപ്പോൾ നബി കരീം(സ) പറഞ്ഞു: 'അതേ,അല്ലാഹു എന്നെ ഒരു സുവിശേഷകനും മുന്നറിയിപ്പുകാരനുംആയി നിയോഗിച്ചിരിക്കുന്നു. ഇബ്രാഹിം നബി(അ)യുടെ പ്രാർത്ഥനയുടെ ഫലമാണ് ഞാൻ. സകല മനുഷ്യരിലേക്കുമായി ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു.'

ഹദ്റത്ത് അബൂബക്കർ(റ) അരുളി: 'അല്ലാഹുവാണെ സത്യം! അങ്ങ് ഒരിക്കലും കള്ളം പറയുന്നത് ഞാൻ കണ്ടിട്ടില്ല. അങ്ങയുടെ വിശ്വസ്തതയും, രക്തബന്ധങ്ങളെ മാനിക്കുന്ന സ്വഭാവവും, ഉത്തമമായ പ്രവൃത്തികളും കാരണം പ്രവാചകത്വത്തിന് ഏറ്റവും അർഹൻ അങ്ങുതന്നെയാണ്. അങ്ങയുടെ കൈ നീട്ടിയാലും, എനിക്ക് ബൈഅത്ത് ചെയ്യണം.

തുടർന്ന് നബിതിരുമേനി(സ) തന്റെ കൈ നീട്ടുകയും ഹദ്റത്ത് അബൂബക്കർ ബൈഅത്ത് ചെയ്യുകയും ചെയ്തു.

നബിതിരുമേനി(സ)ക്ക് വഹ്യ് ലഭിച്ചുകൊണ്ടിരുന്ന പ്രാരംഭഘട്ടത്തിൽ ഹദ്റത്ത് ഖദീജ(റ) അവിടുത്തെ വിശ്വസ്തതയെയും സത്യസന്ധതയെയും കുറിച്ച് അരുളിയ വാക്കുകൾ എടുത്തു പറഞ്ഞുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ(റ) പറയുന്നു:

ചിന്തിച്ചു നോക്കൂ! ഒരേ നഗരത്തിൽ വസിച്ചിരുന്ന, ഒരേ ഗോത്രത്തിൽപ്പെട്ട, പതിനഞ്ചുവർഷത്തോളം അങ്ങയുടെ പത്നിയായിരുന്ന, 55വയസ്സുള്ള ആ മഹതി നൽകുന്ന സാക്ഷ്യം എന്താണെന്ന് നോക്കൂ. അങ്ങ് അതീവ ദുഃഖിതനും അസ്വസ്ഥനുമായിരുന്ന ആ സമയത്ത് ഖദീജ നൽകിയ സാക്ഷ്യം ഗൗരവമായി ചിന്തിക്കേണ്ടതൊന്നാണ്. അങ്ങയിൽ ഈ സദ്ഗുണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഖദീജയുടെ ആ വാക്കുകൾ ഒരിക്കലും അങ്ങയ്ക്ക് സാന്ത്വനമേകുമായിരുന്നില്ല.

ശിഅ്ബ് അബീത്വാലിബിലെ ഉപരോധം മൂന്നാം വർഷത്തിലേക്ക് കടന്നപ്പോൾ, നബിതിരുമേനി (സ) അല്ലാഹുവിൽ നിന്നുള്ള അറിവനുസരിച്ച് തന്റെ പിതൃവ്യനായ അബൂത്വാലിബിനെ ഇപ്രകാരം അറിയിച്ചു: ബനൂ ഹാഷിം ഗോത്രത്തെ ബഹിഷ്കരിച്ചുകൊണ്ട് കഅ്ബയിൽ തൂക്കിയിട്ടിരുന്ന കരാർപത്രത്തിലെ അല്ലാഹുവിന്റെ നാമമല്ലാത്ത മറ്റെല്ലാ വരികളും ചിതൽതിന്നിരിക്കുന്നു.

നബി(സ)യുടെ വാക്കുകളിൽ അബൂത്വാലിബിന് എത്രത്തോളം ഉറച്ച വിശ്വാസമുണ്ടായിരുന്നുവെന്നാൽ, അദ്ദേഹം തന്റെ സഹോദരന്മാരോട് ഇപ്രകാരം പറഞ്ഞു: 'മുഹമ്മദ് (സ) ഇന്നുവരെ എന്നോട് കള്ളം പറഞ്ഞിട്ടില്ല.' തുടർന്ന്അദ്ദേഹം അവരോടൊപ്പം ഖുറൈശി നേതാക്കളുടെ അടുക്കൽ ചെന്ന് പറഞ്ഞു: എന്റെ സഹോദരപുത്രൻ എന്നോട് ഒരു കാര്യം പറഞ്ഞിട്ടുണ്ട്; അവൻ ഒരിക്കലും എന്നോട് കള്ളം പറഞ്ഞിട്ടില്ല. എന്റെ സഹോദരപുത്രൻ പറഞ്ഞത് സത്യമാണെങ്കിൽ ഈ ബഹിഷ്കരണത്തിൽനിന്ന് നിങ്ങൾ പിന്മാറണം. ഇനി അവൻ പറഞ്ഞത് കള്ളമാണെന്ന് തെളിഞ്ഞാൽ ഞാൻ അവനെ നിങ്ങൾക്ക് വിട്ടുതരാം; നിങ്ങൾക്ക് അവനെ വധിക്കുകയോ വെറുതെ വിടുകയോ ചെയ്യാം.അവർ ആ കരാർ പത്രം പരിശോധിച്ചപ്പോൾ റസൂൽ കരീം(സ) പറഞ്ഞതുപോലെത്തന്നെയാണ് കാര്യങ്ങൾ എന്ന് അവർക്ക് ബോധ്യപ്പെട്ടു. ഇതോടെ ഖുറൈശികൾ സ്വന്തം ജനതയുടെ മുന്നിൽ ലജ്ജിതരായി.

അബൂജഹൽ മുഹമ്മദ് നബി(സ)യുടെ എത്ര വലിയ ശത്രുവായിരുന്നു! എങ്കിലും ഒരു സന്ദർഭത്തിൽ അയാൾ 'ഞങ്ങൾ താങ്കളെഅസത്യവാദിയായി കാണുന്നില്ല, മറിച്ച് താങ്കൾ സമർപ്പിക്കുന്ന ഈ അധ്യാപനത്തെയാണ് ഞങ്ങൾ നിഷേധിക്കുന്നത്' എന്ന് പറഞ്ഞതായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പ്രസ്താവിച്ചിട്ടുണ്ട്. അബൂജഹലിനെപ്പോലെ കടുത്ത ശത്രുവും

കഠിനഹൃദയനുമായ ഒരാൾപോലും മുഹമ്മദ് നബി(സ)യെ കള്ളവാദി എന്ന് വിളിക്കാൻ തയ്യാറായിരുന്നില്ല.

അവിടുത്തെ കടുത്ത ശത്രുക്കളിൽ ഒരാളായിരുന്നു ഉമയ്യത്ത് ഇബ്നു ഖലഫ്. ഒരുവേള അയാൾക്കും ഇങ്ങനെ പറയാതിരിക്കാൻ കഴിഞ്ഞില്ല: 'അല്ലാഹുവാണെ സത്യം! മുഹമ്മദ്(സ) സംസാരിക്കുമ്പോൾ അദ്ദേഹം സത്യമേ പറയൂ, ഒരിക്കലും കള്ളം പറയില്ല.' മാസ്മരികത എന്നത് മറ്റുള്ളവർ പോലും അംഗീകരിച്ചു പോകുന്ന ഒന്നാണല്ലോ. ശത്രുക്കളെക്കൊണ്ടുപോലും തന്റെ സത്യസന്ധതയും സത്യനിഷ്ഠയും സമ്മതിപ്പിക്കാൻ കഴിഞ്ഞു എന്നത് മുഹമ്മദി(സ)ന്റെ എത്ര വലിയ വിജയമാണ്!

മദീനയിലെ യഹൂദികളുടെ സാക്ഷ്യവും ഇപ്രകാരം തന്നെ കാണാൻ സാധിക്കും. മുസ്ലീങ്ങളും യഹൂദ ഗോത്രമായ ബനൂ ഖുറൈളയും തമ്മിൽ പരസ്പരം സഹായിക്കുമെന്ന കരാർ ഉണ്ടായിരുന്നു. അഹ്സാബ് യുദ്ധവേളയിൽ, ബനൂ നളീർ ഗോത്രത്തലവൻ ഹുയയ്യ് ബിൻ അഖ്തബ്, ബനൂ ഖുറൈളയുടെ തലവൻ കഅ്ബ് ബിൻ അസദ് ഖുറളിയുടെ അടുക്കൽ ചെന്ന് മുസ്ലീങ്ങളുമായുള്ള കരാർ ലംഘിക്കാനും ഖുറൈശികളെ സഹായിക്കാനും പ്രേരിപ്പിച്ചു. മുസ്ലീങ്ങളെ പരാജയപ്പെടുത്തുകയായിരുന്നു ലക്ഷ്യം. ആ സന്ദർഭത്തിൽ മുസ്ലീങ്ങളുടെ ശത്രുവായ കഅ്ബ് ബിൻ അസദ് ഇപ്രകാരം പറഞ്ഞു: 'ഞാൻ മുഹമ്മദുമായി ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്, ഞാൻ ഒരിക്കലും ആ കരാർ ലംഘിക്കില്ല; അദ്ദേഹത്തിൽ നിന്ന് വിശ്വസ്തതയും സത്യസന്ധതയുമല്ലാതെ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല.'

നബിതിരുമേനി(സ) ഒരിക്കൽ പറഞ്ഞു: ഞാൻ തമാശ പറയാറുണ്ട്. എന്നാൽഅപ്പോഴും ഞാൻ സത്യംമാത്രമേപറയൂ. അവിടുന്നു പറഞ്ഞു: ജനങ്ങൾ ചിരിക്കാൻ വേണ്ടി, സംസാരത്തിനിടെ കളവു പറയുന്ന വ്യക്തിക്ക് നാശം!

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അരുളുന്നു: സത്യസന്ധതയുടെ കാര്യത്തിൽ റസൂൽ കരീം(സ)യുടെ സ്ഥാനം എത്രമേൽ ഉന്നതമായിരുന്നുവെന്നാൽ സ്വന്തം ജനത നബിതങ്ങൾക്ക് 'സിദ്ദീഖ്' എന്ന് പേരിടുകയുണ്ടായി. സത്യത്തിൽ ഉറച്ചുനിൽക്കാൻ അവിടുന്ന് തന്റെ അനുയായികളെ എപ്പോഴുംഉപദേശിക്കുമായിരുന്നു. സത്യസന്ധത തന്നെയാണ് നന്മകൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതെന്നും പ്രസ്തുത നന്മകൾ മനുഷ്യനെ സ്വർഗ്ഗത്തിലെത്തിക്കുന്നവെന്നും അവിടുന്ന് പറയുമായിരുന്നു. ദൈവസന്നിധിയിൽ സത്യവാനായി ഗണിക്കപ്പെടുവോളം സത്യം പറഞ്ഞുകൊണ്ടിരിക്കുക എന്നതാണ് സത്യസന്ധതയുടെ യഥാർത്ഥ പദവി.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: നമ്മുടെ സത്യസന്ധതയുടെ നിലവാരം എന്താണെന്ന് ഒരു ആത്മപരിശോധന നടത്തുകയും നമ്മിലുള്ള പോരായ്മകൾ പരിഹരിക്കുകയും ചെയ്യേണ്ടത് ഇന്ന് ഓരോ അഹ്മദിയുടെയും കടമയാണ്.

ഖുതുബയുടെ അവസാനം, ഹുസൂർ തിരുമനസ്സ് മിർസാ നസീം അഹ്മദ് സാഹിബിന്റെ ഭാര്യ മർഹൂമ: ശാഹിദ അഹ്മദ് സാഹിബയുടെ ജനാസഗായിബ് നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരംചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 17.04.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516